# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

20.6.2013 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2704

## <u>കോളേജുകളിലെ പുതിയ കോഴ്സുകളും അദ്ധ്യാപക നിയമനവും</u>

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. കെ. ദാസൻ | ശ്രീ.പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ | ഉന്നത വിദ്യാഭ്യാസ രംഗത്ത് ഈ സർക്കാർ അധികാരമേറ്റ ശേഷം ആക്സസ്.ആന്റ് എക്സ്പാൻഷൻ ലക്ഷ്യമാക്കി നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെ; | നിലവിൽ സർക്കാർ/എയ്ഡഡ് കോളേജുകൾ ഇല്ലാത്ത 22 നിയമസഭാ നിയോജകമണ്ഡലങ്ങളിൽ പുതിയ കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചു. ഇതിനായി 5 ഏക്കർ സ്ഥലവും താത്ക്കാലികമായി ക്ലാസ്സുകൾ ആരംഭിക്കുന്നതിന് കെട്ടിടങ്ങളും കണ്ടെത്തി പ്രൊപ്പോസൽ സമർപ്പിക്കാൻ ബന്ധപ്പെട്ട എം.എൽ. എ മാരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതനുസരിച്ച് താനൂർ, കൊടുവള്ളി എന്നീ മണ്ഡലങ്ങളിൽ പുതിയ സർക്കാർ കോളേജിനും വേങ്ങരയിൽ എയ്ഡഡ് കോളേജിനും അനുമതി നൽകിയിട്ടുണ്ട്. മങ്കട, ബാലുശ്ശേരി , തലശ്ശേരി , കൊണ്ടോട്ടി എന്നീ മണ്ഡലങ്ങളിൽ പുതിയ ആർട്സ് & സയൻസ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ നിരവധി ആർട്സ് & സയൻസ്, നിയമ, എഞ്ചിനീയറിംഗ് കോളേജുകൾ സ്വാശ്രയമേഖല ... അനുവദിച്ചിട്ടുണ്ട്.<br>കൂടാതെ നിലവിലുള്ള 38 സർക്കാർ കോളേജുകളിൽ, 2012-13 അധ്യയന വർഷം മുതൽ നിരവധി പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി കോളേജ് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം, NAAC ന്റെ അംഗീകാരത്തിന് കോളേജുകളെ പര്യാപ്തമാക്കുന്നതിനുള്ള കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം, 3 വർഷംകൊണ്ട് |

സംസ്ഥാനത്തെ 10 മികച്ച കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുക, യു.ജി.സി നടപ്പാക്കുന്ന "യൂണിവേഴ്സിറ്റീസ് വിത്ത് പൊട്ടൻഷ്യൽ ഫോർ എക്സലൻസ് " പദ്ധതിയ്ക്ക് അർഹമാകുന്നതിനായി സർവ്വകലാശാലകളുടെ ഗുണനിലവാരം മെച്ച്പ്പെടുത്തുന്നതിന് സ്റ്റേറ്റ് അവാർഡ് ഫണ്ട് ഫോർ യൂണിവേഴ്സിറ്റീസ് (SAFU), സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന കുട്ടികൾക്ക് തൊഴിൽ വൈദഗ്ധ്യം ലഭ്യമാക്കുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപ്പാക്കുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം, സ്കോളർ സപ്പോർട്ട് പ്രോഗ്രാം , ബിരുദവിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള വാക് വിത്ത് എ സ്കോളർ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ടിയുള്ള പബ്ലിക് എൻട്രൻസ് എക്സാമിനേഷൻ കോച്ചിംഗ് സ്കീം, പുതിയതായി നിയമനം ലഭിക്കുന്ന കോളേജ് അധ്യാപകർക്ക് ഗവേഷണ രംഗത്ത് കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള ഫ്ലയർ (FLAIR) ,തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ ട്രിവാൻഡ്രം എഞ്ചിനീയറിംഗ് ശാസ്ത്ര സാങ്കേതിക പാർക്ക്, ഡിപ്ലോമാ ധാരികൾക്ക് തൊഴിൽ ലഭിക്കുന്നതിന് ട്രയിനിംഗ് നൽകുന്നതിനുള്ള പദ്ധതി ( Placement &Training) , ടെക്നിക്കൽ സ്കൂളുകളിലും, പോളിടെക്നിക്കുകളിലേയും വിദ്യാർത്ഥികൾക്കുള്ള നാഷണൽ വൊക്കേഷണൽ എഡ്യൂക്കേഷൻ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക്, വിദ്യാർത്ഥികൾക്ക് നിരവധി സ്കോളർഷിപ്പ് പദ്ധതികൾ തുടങ്ങിയ നടപ്പാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകൾക്ക് മാത്രമായി ഒരു സാങ്കേതിക സർവ്വകലാശാല, ദുബായ് അക്കാദമിക് സിറ്റി മാതൃകയിൽ ഒരു അക്കാദമിക് സിറ്റി, രാജ്യത്തേയും വിദേശത്തെയും സർവ്വകലാശാലകളെയും, വ്യവസായ സ്ഥാപനങ്ങളെയും ബന്ധപ്പെടുത്തി സംസ്ഥാനത്തെ സർവ്വകലാശാലകളിൽ അന്താർദേശീയ അന്തർസർവ്വകലാശാല കേന്ദ്രങ്ങൾ തുടങ്ങിയവ രൂപീകരിക്കാനും സർക്കാർ,

| | | | |
|---|---|---|---|
| | | | ഉദ്ദേശിക്കുന്നു. ബിരുദ വിദ്യാർത്ഥികളുടെ ഗുണനിലവാരവും ,തൊഴിൽ സാധ്യതയും മെച്ചപ്പെടുത്തുന്നതിനായി ബി.കോം, ബി.എസ്സ്.സി മാത് സ് & സ്റ്റാറ്റിസ്റ്റിക്സ് , ബി.എ എക്കണോമിക്സ് , ബി.എ ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ ഓണേഴ്സ് ബിരുദ കോഴ്സ് 2013-14 അധ്യയന വർഷം മുതൽ ആരംഭിക്കാനായി തീരുമാനിച്ചിട്ടുണ്ട്. മലയാള ഭാഷയുടെ വികസനത്തിനായി ഒരു മലയാളം സർവ്വകലാശാലയും രൂപീകരിച്ചിട്ടുണ്ട്. |
| ബി | ഈ സർക്കാർ അധികാരമേറ്റശേഷം ഏതെല്ലാം കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിച്ചു; പ്രസ്തുത കോഴ്സുകൾക്ക് അനുസൃതമായി അധ്യാപകരെ നിയമിച്ചിട്ടുണ്ടോ; | ബി & സി | പുതിയ കോഴ്സുകൾ അനുവദിച്ച കോളേജുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. കോമേഴ്സിൽ 23 ഉം എക്കണോമിക്സിൽ 4 ഉം അദ്ധ്യാപക തസ്തികകളും സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൊയിലാണ്ടി സർക്കാർ കോളേജിൽ പുതിയ അധ്യാപകരെ നിയമിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |
| സി | പുതിയ പി.ജി കോഴ്സുകൾ അനുവദിക്കപ്പെട്ട കൊയിലാണ്ടി സർക്കാർ കോളേജിൽ അധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**